പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240 — 18.06.2014-ൽ മറുപടിക്ക്

## ആശാവർക്കേഴ്സിന്റെ പ്രവർത്തനവും ഓണറേറിയവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം :<br>,, ഇ. പി. ജയരാജൻ :<br>,, എം. ചന്ദ്രൻ :<br>,, എസ്. ശർമ്മ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ മേഖലയിൽ ആശ (അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്) കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) കേരളത്തിൽ 'ആശ' പദ്ധതി 2007 മുതൽ നടപ്പിലാക്കി വരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും, അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. കേരളത്തിൽ 28268 ആശാ പ്രവർത്തകർ പ്രവർത്തിച്ചു വരുന്നു. ആശമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സബ് സെന്റർ തലത്തിൽ ജെ.പി.എച്ച്.എൻ ആഴ്ച തോറും (നിശ്ചിത ദിവസം) അവലോകനം നടത്താറുണ്ട്. പി.എച്ച്.സി. തലത്തിൽ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ എല്ലാ മാസവും അവലോകനം നടന്നു വരുന്നു. ജില്ലാ തലത്തിൽ ജില്ലാ പ്രോഗ്രാം മാനേജർ, ആർ.സി.എച്ച്. ഓഫീസർ, ബ്ലോക്ക് ആരോഗ്യ കേരളം കോർഡിനേറ്റർ എന്നിവർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി ജില്ലാതല ആശാ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) കഴിഞ്ഞ 14 മാസമായി ഇവർക്ക് ഓണറേറിയം നൽകാത്തതിന്റെ കാരണം അറിയിക്കുമോ ; ഓണറേറിയം ഉടനടി വിതരണം ചെയ്യാൻ തയ്യാറാകുമോ ; | (ബി) ആശ പ്രവർത്തകരുടെ 2013-14 വർഷത്തെ ഹോണറേറിയം നൽകുന്നതിനായി 24.31 കോടി രൂപയും 2012-13 ലെ കുടിശ്ശികയായി |

(.....2)

| | | | |
|---|---|---|---|
| | | | 3.07 കോടി രൂപയ്ക്കും കൂടി 27.38 കോടി രൂപ ആവശ്യമായിരുന്നുവെങ്കിലും 2013-14 വർഷം 20 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ 6.07 കോടി രൂപ ഹോണറേറിയമായി ആശമാർക്ക് നൽകുകയും ചെയ്തു. ബാക്കി തുകയും അനുവദിച്ചിട്ടുണ്ട്. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആശ വർക്കേഴ്സിന്റെ ഓണറേറിയം നൽകാനായി കേന്ദ്ര ധനസഹായമെത്രയെന്നും സംസ്ഥാന വിഹിതമെത്രയെന്നും അറിയിക്കുമോ ? | (സി) | ആശ വർക്കേഴ്സിന് ഹോണറേറിയം നൽകാനായി കേന്ദ്ര ധനസഹായം നൽകുന്നില്ല. ആശപ്രവർത്തകർക്ക് കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് നൽകുന്നത്. ഇതിനായി 2013-14 ൽ 6.56 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 6.51 കോടി രൂപ 14 ജില്ലകളിലുമായി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ആശമാർക്ക് പ്രതിമാസ ഹോണറേറിയമാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ